**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 362** **08-06-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ.യുടെ ലാപ്പ് ടോപ്പ് വിതരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri K N Balagopal (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുടുംബശ്രീയുമായി ചേർന്ന് കെ.എസ്.എഫ്.ഇ. നടപ്പാക്കുന്ന ലാപ്പ്ടോപ്പ് വിതരണ പദ്ധതിയുടെ ഭാഗമായി എത്ര അപേക്ഷകൾ ലഭിച്ചു; | (എ) | കുടുംബശ്രീയുമായി ബന്ധപ്പെട്ട് കെ.എസ്.എഫ്.ഇ നടപ്പാക്കുന്ന ലാപ്ടോപ്പ് വിതരണ പദ്ധതിയിൽ (കെ.എസ്.എഫ്.ഇ വിദ്യാശ്രീ പദ്ധതി) വെബ് പോർട്ടൽ വഴി 03/06/2021 വരെ 92,582 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ ലാപ്ടോപ്പ് തെരഞ്ഞെടുത്തിട്ടുള്ളത് 64,760 കുടുംബശ്രീ അംഗങ്ങളാണ്. |
| (ബി) | പ്രസ്തുത അപേക്ഷകളിൽ എത്രപേർക്ക് ലാപ്പ്ടോപ്പുകൾ നൽകിയിട്ടുണ്ടെന്നും ബാക്കിയുള്ള അപേക്ഷകളിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും വിശദീകരിക്കുമോ; | (ബി) | പ്രസ്തുത അപേക്ഷകളിൽ 54,735 എണ്ണം ലാപ്ടോപ്പിനായി പർച്ചേയ്സ് ഓർഡർ ഇതിനകം നൽകിയിട്ടുണ്ട്. ഇതുവരെ കെ.എസ്.എഫ്.ഇ യുടെ റീജിയണൽ ഓഫീസുകളിൽ 4,450 ലാപ്ടോപ്പുകൾ എത്തിയിട്ടുണ്ട്. ഇവയെല്ലാം വിതരണത്തിനായി ശാഖയിൽ എത്തിച്ചു കൊണ്ടിരിക്കുന്നു. അവയിൽ 1000 എണ്ണത്തോളം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്നവയുടെ വിതരണം ത്വരിതഗതിയിൽ നടന്നുവരികയാണ്. കോവിഡ് സാഹചര്യം മൂലം പൊതുഗതാഗതം തടസ്സപ്പെട്ടതിനാൽ കുടുംബശ്രീ അംഗങ്ങൾക്ക് ശാഖകളിൽ എത്താനുള്ള ബുദ്ധിമുട്ടും, കരാർ ഒപ്പിടുവാനുള്ള മുദ്രപത്രത്തിന്റെ വിപണിയിലെ ദൗർലഭ്യവും കണക്കിലെടുത്ത് തൽക്കാലം മുദ്രപത്രം ഒഴിവാക്കിക്കൊണ്ട് ലാപ്ടോപ്പ് വിതരണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പർച്ചേയ്സ് ഓർഡർ നൽകിയതു പ്രകാരമുള്ള ശേഷിക്കുന്ന ലാപ്ടോപ്പുകൾ വിതരണക്കാരിൽ നിന്നും ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തുവരുന്നു. |
| (സി) | ഈ പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചെന്നും എത്ര പേർക്ക് ലാപ്പ്ടോപ്പുകൾ നൽകിയെന്നും വ്യക്തമാക്കാമോ? | (സി) | ഈ പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ നിന്നും ഇതുവരെ 978 പേർ ഈ സ്കീമിൽ അപേക്ഷ സമർപ്പിക്കുകയും 324 പേർ ലാപ്ടോപ്പ് തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. അതിൽ വിതരണക്കാരിൽ നിന്നും ലഭിച്ച 16 ലാപ്ടോപ്പുകൾ |

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. അടിയന്തിരമായി ലാപ്ടോപ്പ് വിതരണം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ